I ഇ.ബി. XV -  കേരള നിയമസഭ/X-3

# പതിനഞ്ചാം കേരള നിയമസഭ

## പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജനുവരി 30, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക്  ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 4337-ാം  നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 4337-ാം  നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തുറമുഖ-സഹകരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അറിയിപ്പ്

രാഷ്ട്രപിതാവിന്റെ 76-ാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായുള്ള അനുസ്മരണം

മി. സ്പീക്കർ: രാഷ്ട്രപിതാവിന്റെ 76-ാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി ഇന്ന് രാവിലെ 11.00 മണിക്ക് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിക്കുന്നതാണ്. ഇതുസംബന്ധിച്ച അറിയിപ്പ് ലഭിക്കുമ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾ രണ്ടുമിനിട്ട് എഴുന്നേറ്റുനിന്ന് മൗനമാചരിക്കേണ്ടതാണ്.

## III അടിയന്തര പ്രമേയ നോട്ടീസ്

ധനപ്രതിസന്ധി

മി. സ്പീക്കർ: സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ വീഴ്ചയും ധൂർത്തുംമൂലം സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതര ധനപ്രതിസന്ധി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനം നേരിടുന്ന ധനപ്രതിസന്ധി ചർച്ച ചെയ്യാൻ പ്രമേയം കൊണ്ടുവന്ന പ്രതിപക്ഷത്തോട് നന്ദി രേഖപ്പെടുത്തുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## IV ശ്രദ്ധക്ഷണിക്കൽ

1. വയനാട് ജില്ലയിലെ വന്യജീവി ആക്രമണങ്ങൾ

ശ്രീ. ഒ. ആർ. കേളു: വയനാട് ജില്ലയിൽ വന്യമൃഗശല്യം രൂക്ഷമായതുമൂലം കാർഷികമേഖല താറുമാറാകുകയും ജനജീവിതം ദുസ്സഹമായിരിക്കുകയുമാണ്. വന്യജീവി ആക്രമണങ്ങളിൽ ആളുകൾക്ക് പരിക്കേൽക്കുന്നതും ജീവഹാനി സംഭവിക്കുന്നതും നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തി ടി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുകയും ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വയനാട് ജില്ലയിൽ കഴിഞ്ഞ മൂന്നുനാല് മാസത്തിനുള്ളിൽ നിരവധി തവണ

വന്യജീവികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലുമെത്തി നാശനഷ്ടങ്ങളുണ്ടാക്കിയിട്ടുള്ളതിന് പുറമെ ആളുകൾക്ക് ജീവഹാനി വരുത്തുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം ആവാസ വ്യവസ്ഥയിലുണ്ടായ മാറ്റവും എണ്ണത്തിലുള്ള വർദ്ധനവും വന്യജീവി ആക്രമണങ്ങൾക്ക് കാരണമാകുന്നുണ്ട്. വന്യജീവി ആക്രമണങ്ങൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയ പദ്ധതി കേന്ദ്ര ഗവൺമെന്റ് നിരാകരിക്കുകയാണുണ്ടായത്. വന്യമൃഗശല്യം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജവേലി ഉൾപ്പെടെ സ്ഥാപിക്കാൻ നടപടി ആരംഭിക്കുകയും വയനാട് പാക്കേജിന് ഫണ്ട് അനുവദിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കൃഷി നശിപ്പിച്ച 4115 കാട്ടുപന്നികളെ നിബന്ധനകൾക്ക് വിധേയമായി കൊന്നൊടുക്കുകയും പത്ത് കടുവകളെയും ഒരു കാട്ടാനയെയും പിടികൂടി പ്രത്യേകം സംരക്ഷിച്ചുവരികയുമാണ്. സംസ്ഥാനമൊട്ടാകെ 1472 കി.മീ. നീളത്തിൽ പ്രതിരോധ കിടങ്ങുകളും മതിലുകളും സ്ഥാപിക്കുകയും നടപ്പുവർഷത്തെ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 801.24 കി.മീ. തൂക്കുവേലി

സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടത്തിവരികയുമാണ്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് പദ്ധതിയിൽ 310 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 'നവകിരണം' പദ്ധതി പ്രകാരം അർഹരായ 852 കുടുംബങ്ങൾക്ക് ആനുകൂല്യം നൽകി സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുകയും രണ്ട് വർഷത്തിനുള്ളിൽ 10.49 കോടി രൂപ നഷ്ടപരിഹാരമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കടുവയുടെ ആക്രമണത്തിൽ മരണപ്പെട്ട മൂന്നുപേരിൽ രണ്ടുപേരുടെ കുടുംബങ്ങൾക്ക് പൂർണ്ണമായ നഷ്ടപരിഹാരം നൽകുകയും രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മൂന്നാമത്തെയാളുടെ കുടുംബത്തിന് നഷ്ടപരിഹാരം അനുവദിക്കുന്നതുമാണ്. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ പ്രകാരം കടുവയെ നിരീക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാൻ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നിരീക്ഷണം ശക്തമാക്കിയും വന്യമൃഗാക്രമണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജനങ്ങൾക്ക് സമാധാന ജീവിതം പ്രദാനം ചെയ്യുന്ന പ്രവർത്തനങ്ങളിൽ പൂർണ്ണത കൈവരിക്കാൻ പല കേന്ദ്ര നിയമങ്ങളും തടസ്സം സൃഷ്ടിക്കുന്നുണ്ട്.

കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയുമായി നടത്തുന്ന കൂടിക്കാഴ്ചയിൽ ടി പ്രശ്നം ഉന്നയിക്കുന്നതാണ്.

2. <u>ട്രാവൻകൂർ സിമന്റ്സ് ഫാക്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ട്രാവൻകൂർ സിമന്റ്സ് ഫാക്ടറിയുടെ നിലവിലെ ബാധ്യത 156.56 കോടി രൂപയാണ്. പി.എഫ്-ഉം ഗ്രാറ്റുവിറ്റിയുമടക്കമുള്ള അടവുകൾ മുടങ്ങിയെന്ന് മാത്രമല്ല ജീവനക്കാർക്ക് നാല് മാസമായി ശമ്പളം നൽകാൻ സാധിച്ചിട്ടുമില്ല. വൈറ്റ് സിമന്റ് ഉത്പാദനത്തിനാവശ്യമായ വെള്ള കക്കയുടെ ഖനനം നിരോധിച്ചിരിക്കുന്നതിനാൽ വിദേശത്തുനിന്നും ക്ലിങ്കർ ഇറക്കുമതി ചെയ്യേണ്ട അവസ്ഥയാണ്. ഇത് ഫാക്ടറിയുടെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്താനാവാത്ത സ്ഥിതിവിശേഷത്തിലെത്തിച്ചിരിക്കുകയാണ്. ആയതിനാൽ കടബാധ്യതകൾ സർക്കാർ ഏറ്റെടുത്ത് പുനരുദ്ധാരണം നടത്തി ഈ കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): വെള്ള കക്ക അസംസ്കൃത വസ്തുവായി ഉത്പാദനം നടത്തുന്ന ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രതിസന്ധിക്ക് തുടക്കം കുറിച്ചത് വേമ്പനാട്ട് കായലിൽ

നിന്നുള്ള വെള്ള കക്കയുടെ ഖനനം കോടതി നിരോധിച്ചതോടെയാണ്. നിലവിൽ ഭീമമായ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കമ്പനി ഓരോ ഘട്ടത്തിലും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താൽ മാത്രമാണ് നിലനിൽക്കുന്നത്. 2016 മുതൽ ഈ സാമ്പത്തിക വർഷം വരെ 41.18 കോടി രൂപ സർക്കാർ ധനസഹായമായി കമ്പനിക്ക് നൽകിയിട്ടുണ്ട്. വിദേശത്തുനിന്നും ക്ലിങ്കർ ഇറക്കുമതി ചെയ്യുന്നതുമൂലം ഉത്പാദന ചെലവിലുണ്ടായ വർദ്ധനവും പ്രതിസന്ധിക്ക് കാരണമാണ്. വ്യാവസായികാവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കാത്ത കമ്പനി വക സ്ഥലം ഗ്ലോബൽ ടെണ്ടറിലൂടെ വിറ്റ് ബാധ്യതകൾ തീർക്കുന്നതിന് മുൻഗണന നൽകുന്നതാണ്. സ്ഥാപനം മെച്ചപ്പെടുത്തി പ്രവർത്തനക്ഷമമാക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടത്തിവരുന്നു.

**V സബ്മിഷൻ**

1. പ്ലാച്ചിമട ദുരിതബാധിതർക്ക് നഷ്ടപരിഹാരം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): 2011-ലെ പ്ലാച്ചിമട നഷ്ടപരിഹാര സ്പെഷ്യൽ ട്രൈബ്യൂണൽ ബില്ലിലെ പോരായ്മകൾ പരിഹരിച്ച് പുതിയ നിയമനിർമ്മാണം നടത്തി ദുരിത ബാധിതർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള പാക്കേജ്

നടപ്പാക്കുകയും ഗുരുതര കുറ്റകൃത്യം ചെയ്ത കമ്പനിക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കേരള നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര സ്പെഷ്യൽ ട്രൈബ്യൂണൽ ബിൽ രാഷ്ട്രപതി തിരിച്ചയച്ചതിനാൽ സോളിസിറ്റർ ജനറലിന്റെ നിയമോപദേശപ്രകാരം ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ടിലെ വകുപ്പുകൾക്ക് കീഴിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലതാമസം കണക്കാക്കുന്ന വ്യവസ്ഥയിൽ ഇളവ് നൽകണമെന്ന അപേക്ഷയോടുകൂടി സംസ്ഥാനം ഒരു റെപ്രസെന്റേറ്റീവ് സ്യൂട്ട് ഫയൽ ചെയ്യാൻ തീരുമാനിച്ചിട്ടിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട വിഷയം അവലോകനം നടത്തുകയും അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം വീണ്ടും നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയുമാണ്.

## 2. ചെർപ്പുളശ്ശേരിയിൽ ഫയർഫോഴ്സ് യൂണിറ്റ്

ശ്രീ. പി. മമ്മിക്കുട്ടി: പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ ഫയർ ഫോഴ്സ് യൂണിറ്റ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

## 3. സർവ്വേയർമാരുടെ ക്ഷാമം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർവ്വേയർമാരുടെ അപര്യാപ്തതമൂലം കുറ്റ്യാടി മണ്ഡലത്തിലെ കുട്ടോത്ത്-അട്ടക്കുണ്ട് കടവ്, കുറ്റ്യാടി ബൈപ്പാസ് റോഡുകളുടെ പ്രവൃത്തികൾ ആരംഭിക്കാനാകാത്ത സാഹചര്യത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ സർവ്വേയർമാരെ നിയമിക്കുന്നതിനും ഒഴിവുള്ള സർവ്വേയർമാരുടെ തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിന്റെ പ്രവൃത്തി ചെയ്യുന്ന കൊയിലാണ്ടി എൽ.എ. ജനറൽ ഓഫീസിൽ റോഡ് പ്രവൃത്തിയുടെ എൽ.എ. സബ്ഡിവിഷൻ ആരംഭിച്ചിട്ടുള്ളതും ജോലിക്രമീകരണ വ്യവസ്ഥയിൽ സർവ്വേയറെ നിയമിച്ചിട്ടുള്ളതുമാണ്. കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന്റെ എൽ.എ. സബ്ഡിവിഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതും ഡി.വി.എസ്. അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ടുള്ള നഷ്ടപരിഹാരത്തുക അർത്ഥനാധികാരി കെട്ടിവയ്ക്കുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി സ്ഥലം

കൈമാറാനുള്ള നടപടി സ്വീകരിക്കുന്നതാണ്. വടകര, കൊയിലാണ്ടി താലൂക്കുകളിൽ ഒരു താലൂക്ക് സർവ്വേയർ തസ്തിക മാത്രമാണുള്ളതെങ്കിലും റീസർവ്വേ ഓഫീസുകളിൽനിന്നും എൽ.ആർ.എം., സ്പെഷ്യൽ സർവ്വേ ജോലികൾക്കായി മൂന്ന് സർവ്വേയർമാരെ വീതം ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. സർവ്വേയർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കോഴിക്കോട് ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ ഒഴിവുള്ള എട്ട് തസ്തികകളിലേയ്ക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കിഫ്ബി രൂപീകരിച്ചശേഷം വ്യാപകമായി ഭൂമി ഏറ്റെടുക്കേണ്ടിവരുന്നതിലൂടെ സർവ്വേയർമാരുടെ അഭാവം ക്രമീകരണ വ്യവസ്ഥയിലൂടെ മറികടക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സർവ്വേയർമാരുടെ പി.എസ്.സി. ലിസ്റ്റ് വരുന്ന മുറയ്ക്ക് സ്ഥിരം ഒഴിവുകൾ നികത്താവുന്നതും അതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തുന്നതുമാണ്.

## 4. ജലജീവൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനഃസ്ഥാപനം

ശ്രീ. അൻവർ സാദത്ത്: കോൺട്രാക്ടർമാർക്ക് നൽകേണ്ട കുടിശ്ശിക കൊടുത്തുതീർത്ത് ജലജീവൻ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കുവാനും

പദ്ധതിക്കായി പൊളിച്ച റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജലജീവൻ പദ്ധതിക്ക് കീഴിൽ പൊളിച്ച റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 4, 5, 6 ഘട്ടങ്ങൾക്ക് തുക അനുവദിക്കുകയും ആദ്യ മൂന്ന് ഘട്ടങ്ങൾക്ക് തുക അനുവദിക്കാതിരിക്കുകയും ചെയ്തതുമൂലം പഞ്ചായത്തുകൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്ന് അതിനുള്ള തുക അനുവദിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുതന്നെ റെസ്റ്റൊറേഷൻ പ്രവൃത്തികൂടി ചെയ്യാവുന്നതും അല്ലാത്തപക്ഷം നിശ്ചിത തുകയിൽനിന്നുകൊണ്ട് പഞ്ചായത്തുകൾക്ക് പ്രസ്തുത പ്രവൃത്തി ചെയ്യാവുന്നതുമാണ്. പൈപ്പിട്ടതിനുശേഷം പ്രഷർ ടെസ്റ്റ് നടത്താതെ റോഡ് പുന:സ്ഥാപനം നടത്താൻ പാടില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ സഹകരണവും ധനകാര്യ, പൊതുമരാമത്ത് വകുപ്പുകളുടെ ഭാഗത്തുനിന്നും ഉറപ്പുവരുത്തിയിട്ടുണ്ട്. റോഡ് റെസ്റ്റൊറേഷൻ സംബന്ധിച്ച പ്രശ്നങ്ങൾ പരിപൂർണ്ണമായും പരിഹരിക്കത്തക്ക വിധത്തിലാണ് മുന്നോട്ടുപോകുന്നത്.

## 5. താമരശ്ശേരി ചുരത്തിന് ബദൽ പാത

ശ്രീ. ഒ. ആർ. കേളു: വയനാട് ജില്ലയിലെ താമരശ്ശേരി ചുരത്തിന് ബദലായി ചക്കിട്ടപ്പാറ-പൂഴിത്തോട് വഴി വയനാട്ടിലേയ്ക്കും വിലങ്ങാട്-കുഞ്ഞോം പ്രദേശങ്ങളെ ഉൾപ്പെടുത്തി മാനന്തവാടിയിലേയ്ക്കും റോഡ് നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് സർവ്വേ നടത്താൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വയനാട് ജില്ലയിലെ ചുരം പാതയ്ക്ക് ബദലായി ആനക്കാംപൊയിൽ-കല്ലാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണം ടെണ്ടർ നടപടികളിലാണ്. ചുരം റോഡിലെ 6, 7, 8 വളവുകൾ സംരക്ഷണ ഭിത്തി നിർമ്മിച്ച് നവീകരിക്കുന്നതിനും ചുരം ഒഴികെയുള്ള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നതിനുമുള്ള പദ്ധതി നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. പൂഴിത്തോട്-പടിഞ്ഞാറത്തറ, ചിപ്പിലത്തോട്-മരുതിലാവ്-തളിപ്പുഴ ചുരം പാതകൾ യാഥാർത്ഥ്യമാക്കുന്നതിന് വനഭൂമിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി വനം വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്. പൂഴിത്തോടുനിന്നും വനമുൾപ്പെടെയുള്ള സ്ഥലത്തിന്റെ പ്രാഥമിക സ്ഥല

പരിശോധന നടത്തി റോഡ് നിർമ്മാണത്തിന്റെ സാധ്യത കണ്ടെത്തുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിക്കാനുള്ള ശ്രമം നടത്തുന്നതാണ്.

6. ചിറ്റൂർകടവ് പാലം നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നി നിയോജകമണ്ഡലത്തിലെ അച്ചൻകോവിലാറിന് കുറുകെ ചിറ്റൂർകടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോന്നി നിയോജക മണ്ഡലത്തിലെ അച്ചൻകോവിലാറിന് കുറുകെ ചിറ്റൂർ കടവ് പാലം നിർമ്മാണത്തിനായി 2023-24 ബഡ്ജറ്റിൽ 20 ശതമാനം തുക പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗം തയ്യാറാക്കിയ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും ആയതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

7. പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ

മൂന്നാംഘട്ട നിർമ്മാണത്തിന് അധികസ്ഥലം ഏറ്റെടുക്കാതെ അലൈൻമെന്റിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് ഐ.ആർ.സി. മാനദണ്ഡങ്ങളിൽ ഇളവുനൽകി പ്രൊപ്പോസലിന് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഭൂമിയേറ്റെടുക്കലിന്റെ പ്രാഥമിക നടപടികൾ നേരത്തെ ആരംഭിച്ചിട്ടുള്ളതാണ്. ഐ.ആർ.സി. മാനദണ്ഡങ്ങൾക്കനുസൃതമായി ഗ്രേഡിയന്റ് നൽകി റോഡ് നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് ഡിസൈൻ വിഭാഗം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഡിസൈനുമായി ബന്ധപ്പെട്ട് പ്രായോഗിക പരിഹാരം കാണാൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി വിഷയത്തിൽ പി.ഡബ്ല്യൂ.ഡി. (നിരത്ത്, ഡിസൈൻ) വിഭാഗം ചീഫ് എഞ്ചിനീയറുമായി നടത്തുന്ന ചർച്ചയ്ക്കുശേഷം തുടർനടപടി സ്വീകരിക്കുന്നതാണെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 8. വണ്ടൂർ താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. എ. പി. അനിൽകുമാർ: വണ്ടൂർ നിയോജകമണ്ഡലത്തിലെ താലൂക്കാശുപത്രിയിൽ ജീവനക്കാരെ നിയമിക്കാനും ഗൈനക്കോളജി ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനും മരുന്നുക്ഷാമം പരിഹരിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): വണ്ടൂർ താലൂക്കാശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി 60 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. നിലവിൽ ഡോക്ടർമാരുടെ തസ്തികകളിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. എൻ.എച്ച്.എം. മുഖാന്തരം ആറ് മെഡിക്കൽ ഓഫീസർമാരുൾപ്പെടെ 27 താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാക്കിയതിൽ ഒരു ഗൈനക്കോളജിസ്റ്റുമുണ്ട്. അതിനുപുറമെ, എൻ.എച്ച്.എം. മുഖാന്തരം ഒമ്പത് ജീവനക്കാരെയും കാസ്ക് ഫണ്ടുപയോഗിച്ച് പത്ത് ജീവനക്കാരെയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. 229 ഇനം മരുന്നുകൾ ഇൻഡന്റ് അനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

(രാഷ്ട്രപിതാവിന്റെ 76-ാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിച്ചുകൊണ്ട് സഭാംഗങ്ങൾ രണ്ടു മിനിറ്റ് എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.

## 9. അരിയുടെ ടൈഡ് ഓവർ വിഹിത വർദ്ധനവ്

ശ്രീ. പി. എസ്. സുപാൽ: സംസ്ഥാനത്തിന് അനുവദിക്കുന്ന അരിയുടെ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ പിൻവലിച്ച് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): കേരളത്തിന് ലഭ്യമാകുന്ന പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽനിന്നും മുൻഗണനേതര വിഭാഗത്തിനുകൂടി റേഷൻ നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രതിവർഷം സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന തുകയുടെ 9.4 ശതമാനം മാത്രമാണ് കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. മുൻഗണനേതര വിഭാഗങ്ങൾക്കുള്ള റേഷൻ വിതരണത്തിന്റെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. പൊതുവിപണിയിൽ അരിയുടെ

വിലവർദ്ധനവ് തടയുന്നതിനും റേഷൻ കടകളിലൂടെ കൂടുതൽ അരി ലഭ്യമാക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്നും ഉത്സവ സീസണുകളിൽ കൂടുതൽ അരി നൽകണമെന്നുമുള്ള സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ ഇതുവരെ പരിഗണിച്ചിട്ടില്ല. അനുവദിച്ചിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ വിതരണത്തിൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ പ്രത്യേക സാഹചര്യങ്ങളിൽ കൂടുതൽ അരി വിതരണം ചെയ്യുന്നതിന് തടസ്സമായി നിൽക്കുന്നു. മുൻകാലങ്ങളിൽ സംസ്ഥാനത്തിന് അനുവദിച്ചുവന്നിരുന്ന ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വിഹിതത്തിലും വലിയതോതിലുള്ള കുറവാണ് കേന്ദ്രസർക്കാർ വരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന് അർഹമായ ഭക്ഷ്യധാന്യത്തിന്റെയും മണ്ണെണ്ണയുടെയും വിഹിതം വർദ്ധിപ്പിക്കുന്നതിനും ടൈഡ് ഓവർ അരിയുടെ വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ പിൻവലിക്കുന്നതിനും കക്ഷിഭേദമെന്യേ ഒറ്റക്കെട്ടായി നിലകൊള്ളണം.

## 10. ഹജ്ജ് യാത്രക്കാരുടെ വിമാനക്കൂലി വർദ്ധനവ്

(പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. പി. ടി. എ. റഹിം: കോഴിക്കോട് വിമാനത്താവളത്തിൽനിന്നുള്ള ഹജ്ജ് തീർത്ഥാടകരിൽനിന്നും എയർ ഇൻഡ്യ ഈടാക്കുന്ന അധിക വിമാനക്കൂലി സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആയത് പിൻവലിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വിമാനക്കൂലി വർദ്ധനവ് പിൻവലിച്ചില്ലെങ്കിൽ ഹജ്ജ് തീർത്ഥാടനം മുടങ്ങുന്ന സാഹചര്യമുണ്ടാകുമെന്നതിനാൽ അത് പിൻവലിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകരിൽനിന്നും എയർ ഇൻഡ്യ മുക്കാൽ ലക്ഷത്തോളം രൂപ അധികമായി വിമാനക്കൂലി ഈടാക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാനാവശ്യമായ നടപടി

സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ സന്ദർശിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ:

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ടുകളുടെ സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ

## VIII റിപ്പേർട്ട് പരിഗണന:

കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## IX ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എ. സി. മൊയ്തീൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനാധിപത്യവും മതനിരപേക്ഷതയും സാമൂഹ്യനീതിയും മൂല്യങ്ങളും ഭരണഘടനയുടെ സംരക്ഷണവും ഉറപ്പാക്കുന്ന നിലപാടുകളും നവകേരള

സൃഷ്ടിക്കുവേണ്ടി മുന്നോട്ടുവച്ച ബദലുകളും നയപ്രഖ്യാപന പ്രസംഗത്തിലുണ്ടെന്നത് ആശാവഹമാണ്. സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കെതിരെയുള്ള പ്രതിപക്ഷ നിലപാട് പ്രതിഷേധാർഹമാണ്. കേരളത്തിന്റെ ആവശ്യങ്ങളും പ്രശ്നങ്ങളും സംബന്ധിച്ച് പാർലമെന്റിൽ ഉന്നയിക്കാൻ കേരളത്തിൽനിന്നുള്ള എം.പി.-മാർ തയ്യാറാകാത്തത് ദൗർഭാഗ്യകരമാണ്.

ശ്രീ. എം. വിൻസെന്റ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരള ചരിത്രത്തിലാദ്യമായി നിയമസഭയെ അവഹേളിക്കുന്ന തരത്തിൽ നയപ്രഖ്യാപന പ്രസംഗം നടത്തിയ ഗവർണ്ണറുടെ നിലപാട് അപലപനീയമാണ്. സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്ത കേന്ദ്ര സർക്കാരിനെതിരെ നയപ്രഖ്യാപന പ്രസംഗത്തിൽ യാതൊന്നും പരാമർശിക്കാത്തത് പ്രതിഷേധാർഹമാണ്. തീരദേശ വാസികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി ലൈഫ് മിഷൻ പദ്ധതിയിൽ ലയിപ്പിച്ചത് പരിശോധിക്കുന്നതോടൊപ്പം പുനർഗേഹം പദ്ധതിക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. തീരദേശ ഹൈവേ നിർമ്മാണത്തോടനുബന്ധിച്ച് വിട്ടുനൽകുന്ന ഭൂമിക്ക് നഷ്ടപരിഹാരം ലഭിക്കേണ്ടതിനാൽ

തീരദേശവാസികൾക്കുള്ള പട്ടയവിതരണം സമയബന്ധിതമായി നടത്തണം. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം യഥാസമയം ലഭ്യമാക്കാനും സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണത്തിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യിൽ നടപ്പാക്കുന്ന തെറ്റായ പരിഷ്കാര നടപടികൾമൂലം ഉണ്ടാകുന്ന ബാധ്യത സംബന്ധിച്ച് പരിശോധിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. വി. ആർ. സുനിൽ കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനാധിപത്യസഭയെ ആക്ഷേപിച്ച ഗവർണ്ണറോടുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നു. ചരിത്രത്തിലാദ്യമായി ക്യാബിനറ്റ് ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരുടെ ആഗ്രഹങ്ങളും ആശയങ്ങളും വികസന താല്പര്യങ്ങളും ചർച്ചചെയ്ത് ഉൾക്കൊണ്ട ആശയങ്ങൾ നവകേരള പുനഃസൃഷ്ടിക്കായി ഉപയുക്തമാക്കുന്നതിനുള്ള തുടക്കമായിരുന്നു നവകേരള സദസ്. സാങ്കേതികവിദ്യയിലുണ്ടാകുന്ന മാറ്റത്തിനനുസൃതമായി ലോകത്തെ മാറ്റിയെടുക്കുകയും മനുഷ്യചിന്തകളെ ഒരുപോലെ കൂട്ടിയിണക്കുകയും ചെയ്യുന്ന തരത്തിലേയ്ക്ക് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ മാറ്റി വിദ്യാർത്ഥി സമൂഹത്തെ തൊഴിൽശാലകളിലേയ്ക്കും അറിവിന്റെ മേഖലകളിലേയ്ക്കും കൊണ്ടുവരാനായത് ഈ സർക്കാരിന്റെ നേട്ടമാണ്.

സർക്കാർ ആശുപത്രികളിൽ പാവപ്പെട്ടവർക്ക് അവയവ ശസ്ത്രക്രിയ ഉൾപ്പെടെ നടത്താനും പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ളവയെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്താനും ആരോഗ്യ സംരക്ഷണത്തിൽ ഡബ്ല്യു.എച്ച്.ഒ.-യുടെ ഗുഡ് ബുക്കിൽ സംസ്ഥാനത്തിന് ഇടം പിടിക്കാനായതും അഭിമാനകരമാണ്. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എന്ന ആശയത്തിലൂടെ ചരിത്രപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാനായതും 121604 പേർക്ക് പട്ടയം നൽകാൻ കഴിഞ്ഞതും സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിയും ലൈഫ് പദ്ധതിയിലൂടെ രണ്ട് ലക്ഷത്തിൽപ്പരം പേർക്ക് വീടും നൽകാനായതും അഭിനന്ദനാർഹമാണ്. മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷണം, വിദ്യാഭ്യാസം എന്നിവ നൽകാനും പുനർഗേഹം പദ്ധതിയിലൂടെ വീട് നിർമ്മിച്ച് നൽകാനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ കായികരംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ ശ്ലാഘനീയവും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയുമാണ്. സുഭിക്ഷ കേരളം പദ്ധതിയിലൂടെ കാർഷിക മേഖല സ്വയംപര്യാപ്തത കൈവരിച്ചത് സ്വാഗതാർഹമാണ്.

ശ്രീ. കെ. പി. എ. മജീദ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. യൂണിവേഴ്സിറ്റികളിൽ യഥാസമയം പരീക്ഷകൾ നടത്തുകയോ ഫലം പ്രഖ്യാപിക്കുകയോ ചെയ്യുന്നില്ലെന്ന് മാത്രമല്ല ചോദ്യപേപ്പറുകൾ കാണാതായ

സംഭവങ്ങളുമുണ്ടാകുന്നുണ്ട്. കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസിലർമാരും കോളേജുകളിൽ പ്രിൻസിപ്പാൾമാരുമില്ലെന്നുള്ളത് പരിശോധിക്കപ്പെടണം. എടരിക്കോട് സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിപ്പിക്കാനും തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കൊടുക്കാനും സംസ്ഥാനത്തെ അപകടാവസ്ഥയിലായ റോഡുകൾ പുനർനിർമ്മിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ജോബ് മൈക്കിൾ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. 'കേരളീയം' പരിപാടി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. കേന്ദ്രസർക്കാരിന്റെ അവഗണന മറികടന്ന് ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ജനങ്ങൾ അർപ്പിച്ച വിശ്വാസവും പ്രതീക്ഷയും ഉയർത്തിപ്പിടിച്ചുകൊണ്ട് എല്ലാ മേഖലയിലും വികസനം എത്തിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. അനൂപ് ജേക്കബ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. 1000 കോടി രൂപയുടെ ജനറിക് മരുന്നുകൾ വിപണിയിലെത്തിക്കുമെന്നുള്ള പ്രഖ്യാപനം രേഖകളിൽ മാത്രം ഒതുങ്ങിനില്ക്കുന്നു. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും മുടങ്ങിയിരിക്കുന്നു. കെ.എസ്.ഇ.ബി.-യുടെ ബാധ്യത 40,000

കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. സർക്കാർ ജീവനക്കാരുടെ ഡി.എ./ശമ്പള കുടിശ്ശിക നൽകിയിട്ടില്ല. ക്ഷേമ പെൻഷൻ കുടിശ്ശികയാണ്. വൈദ്യുതി നിരക്ക് വർദ്ധനവ്, സപ്ലൈകോയിലെ സാധനങ്ങളുടെ അഭാവം, കാർഷിക മേഖലയിലെ പ്രതിസന്ധി, ജലജീവൻ മിഷൻ - കെ.എസ്.ടി.പി. വർക്കുകളുടെ സ്തംഭനാവസ്ഥ തുടങ്ങി സമസ്ത മേഖലകളെയും ഈ സർക്കാർ തകർത്തിരിക്കുകയാണ്.

ശ്രീ. ഒ. ആർ. കേളു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ-ആരോഗ്യ-വ്യാവസായിക-കാർഷിക-തൊഴിൽ മേഖലയിലെ പൊതുവായിട്ടുള്ള വികസനവും ജനങ്ങളുടെ ക്ഷേമവും മുൻനിർത്തിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. രാജ്യത്തിനുതന്നെ മാതൃകയായി ഭരണം നടത്തുന്ന സംസ്ഥാനത്തെ ഇകഴ്ത്തിക്കാണിക്കാനുള്ള ശ്രമമാണ് കേന്ദ്രസർക്കാർ നടത്തുന്നത്. കേന്ദ്രസർക്കാരിന്റെ അവഗണനയാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. ജനക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിച്ച് നിൽക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കായുള്ള വിവിധ പദ്ധതികളാണ് നയപ്രഖ്യാപനത്തിൽ

പ്രതിപാദിച്ചിട്ടുള്ളത്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജനക്ഷേമ പദ്ധതികൾക്കെതിരെ നിഷേധാത്മക സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. പൊതുവിതരണ സമ്പ്രദായത്തിലൂടെ സാധനങ്ങൾ വിലകുറച്ച് ലഭ്യമാക്കുന്നതിനും സാമൂഹ്യ ക്ഷേമ പെൻഷനുകൾ കൃത്യസമയത്ത് വിതരണം ചെയ്യുന്നതിനും സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം ലഭിക്കേണ്ടതുണ്ട്. ഏകപക്ഷീയ നിലപാടുമായി മുന്നോട്ടുപോകുന്ന കേന്ദ്രസർക്കാർ നയങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗങ്ങൾ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്.

ശ്രീ. മോൻസ് ജോസഫ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണർ സഭയോട് കാണിച്ച അനാദരവിനെതിരെ പ്രതിപക്ഷം ശക്തമായി പ്രതിഷേധിക്കുകയാണ് ചെയ്തത്. ഭരണ പരാജയത്തിന്റെ ഭാഗമായുള്ള ഏറ്റുമുട്ടലാണ് ഗവർണ്ണറും സർക്കാരും തമ്മിൽ നടക്കുന്നത്. ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിലുള്ള വീഴ്ചകൾ പ്രതിപക്ഷം ചൂണ്ടിക്കാണിക്കുമ്പോൾ അതുൾക്കൊള്ളാനും തെറ്റായ നിലപാടുകൾ തിരുത്താനുമുള്ള നയസമീപനമാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് വിതരണം ചെയ്യാൻ

സാധിക്കാത്തതിനാൽ പൊതുവിതരണ മേഖല പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഭരണരംഗത്ത് കാര്യക്ഷമതയോടുകൂടി മുന്നോട്ടുപോകാൻ സർക്കാരിന് സാധിക്കണം.

ശ്രീമതി കാനത്തിൽ ജമീല: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി സമസ്ത മേഖലകളിലും ഗുണപരമായ മാറ്റങ്ങളാണ് ഇടതുമുന്നണി സർക്കാരുകൾ കേരളത്തിൽ കൊണ്ടുവന്നിട്ടുള്ളത്. 2025-ഓടെ ദേശീയപാത വികസനം പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലൈഫ് പദ്ധതി, വിഴിഞ്ഞം തുറമുഖ പദ്ധതി, കെ-ഫോൺ, കെ-സ്മാർട്ട്, വാട്ടർ മെട്രോ, ബേപ്പൂർ തുറമുഖ വികസനം, വിനോദസഞ്ചാര വികസനം തുടങ്ങിയവ യാഥാർത്ഥ്യമാക്കി. കേരളത്തെ മികച്ച നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാനും സാധിച്ചു. കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമാക്കുന്നതിന് നടപടി സ്വീകരിച്ചു. 'ലോക കേരളസഭ', 'കേരളീയം' എന്നിവ സംഘടിപ്പിക്കുന്നതിനും 'നവകേരള സദസ്സ്' ജനകീയമാക്കുന്നതിനും കഴിഞ്ഞു.

സംസ്ഥാനത്തിനർഹമായ കേന്ദ്രവിഹിതം ലഭ്യമാക്കാനുള്ള ശ്രമം കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകണം.

ശ്രീ. എം. വിജിൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരളം ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 2025 നവംബർ ഒന്നോടെ അതിദാരിദ്ര്യം തുടച്ചുനീക്കിയ ആദ്യ സംസ്ഥാനമായി കേരളം മാറും. തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി നടപ്പാക്കി. പി.എസ്.സി. മുഖേന 234640 നിയമനങ്ങൾ നടത്തുന്നതിനും 28463 തസ്തികകൾ സൃഷ്ടിക്കുന്നതിനും സാധിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1976 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തു. 'കേരളീയം' മലയാളിയുടെ മഹോത്സവമാക്കുന്നതിനും 'നവകേരള സദസ്സ്' ജനകീയമാക്കുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച പുരോഗതി കൈവരിക്കുന്നതിനും കഴിഞ്ഞു. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പിലെ വ്യവസ്ഥ, വിമാനത്താവളങ്ങളുടെ സ്വകാര്യവൽക്കരണം, റെയിൽവേ വികസനം തുടങ്ങിയ കാര്യങ്ങളിൽ പ്രതിപക്ഷം നിലപാട് വ്യക്തമാക്കണം.

സംസ്ഥാനത്തിനർഹമായ കേന്ദ്രവിഹിതം നേടിയെടുക്കാൻ കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളുടെ ഭാഗത്തുനിന്നും ശ്രമമുണ്ടാകണം.

(ചർച്ച തുടരും)

## X അടിയന്തരപ്രമേയ ചർച്ച

### ധനപ്രതിസന്ധി

ശ്രീ. റോജി എം. ജോൺ: അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. റോജി എം. ജോൺ: സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നില്ല. വേയ്സ് ആൻഡ് മീൻസ് ക്യൂ ബില്ലുകൾ ഉൾപ്പെടെ 26,500 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. സപ്ലൈകോയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത വകയിലുള്ള കുടിശ്ശിക കൊടുത്തുതീർക്കാത്തതിനാൽ സബ്സിഡി സാധനങ്ങൾ സംഭരിക്കാൻ കഴിയുന്നില്ല. ഐ.ജി.എസ്.ടി. പിരിവ് കാര്യക്ഷമമല്ലാത്തതും ധൂർത്ത്, കെടുകാര്യസ്ഥത കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക സമീപനം എന്നിവയുമാണ് സാമ്പത്തിക പ്രതിസന്ധിക്കുള്ള പ്രധാന കാരണങ്ങൾ.

നികുതി സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണ്. ഡിവിസിബിൾ പൂളിൽനിന്നും ലഭിക്കേണ്ട വിഹിതം നേടിയെടുക്കാനോ കടമെടുപ്പ് നിയന്ത്രിക്കുന്നതിനോ ഉള്ള ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇന്ധന സെസ്സ് പിൻവലിക്കാൻ തയ്യാറാകണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: നികുതി വിഹിതത്തിൽ കുറവ് വരുത്തിയും കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനാണ് കേന്ദ്രം ശ്രമിക്കുന്നത്. ഡിവിസിബിൾ പൂളിൽനിന്നും അർഹമായ വിഹിതം നിഷേധിക്കുന്ന കേന്ദ്ര നിലപാടുകൾക്കെതിരെ പ്രതികരിക്കുന്നതിനുപകരം പ്രതിപക്ഷം സർക്കാരിനെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. സംസ്ഥാന സർക്കാരുകളുടെ അധികാരം കവർന്നെടുക്കാനുള്ള കേന്ദ്രനീക്കം അപലപനീയമാണ്. സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിക്കുറച്ച കേന്ദ്ര നടപടിക്കെതിരെ പ്രതിപക്ഷം പ്രതികരിക്കാത്തത് ഖേദകരമാണ്.

ഡോ. മാത്യു കുഴൽനാടൻ: കേന്ദ്രത്തിൽനിന്ന് 57000 കോടി രൂപ ലഭിക്കാനുണ്ടെന്ന വാദം അടിസ്ഥാനരഹിതമാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ റവന്യൂ കമ്മി വിഹിതം ലഭിച്ച സംസ്ഥാനം കേരളമാണ്. നികുതി പിരിച്ചെടുക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടിരിക്കുന്നു. പിരിച്ചെടുക്കാനുള്ള തുക എത്രയാണെന്ന് ജനങ്ങളോട് പറയാൻ സർക്കാർ ബാധ്യസ്ഥമാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: കേരളത്തിന് അവകാശപ്പെട്ട ആനുകൂല്യങ്ങളും സംസ്ഥാന സർക്കാരിന്റെ അധികാരങ്ങളും വെട്ടിക്കുറയ്ക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. ജി.എസ്.ടി. വരുമാനത്തിന്റെ പകുതി മാത്രമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രസർക്കാർ നയത്തിനെതിരെ പ്രതിപക്ഷം പ്രതികരിക്കാത്തത് ഖേദകരമാണ്. റേഷൻ വിഹിതം പരിമിതപ്പെടുത്തിയും മണ്ണെണ്ണയുടെ അളവിൽ കുറവുവരുത്തിയും ജനദ്രോഹ നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുമ്പോൾ കടമെടുത്തുകൊണ്ട് പാവപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചുനൽകുകയും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി സമസ്ത മേഖലകളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും

ചെയ്തുകൊണ്ട് സംസ്ഥാനത്തെ പുരോഗതിയുടെ നെറുകയിലെത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഫണ്ട് ലഭ്യമാക്കുന്നതിനോ ജീവനക്കാർക്ക് ശമ്പളം നൽകാനോ സാധിക്കാത്തതിനാൽ ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളും അടഞ്ഞുകിടക്കുകയാണ്. സംസ്ഥാനത്തെ നികുതി ചോർച്ച തടയുന്നതിനും കരാർ നിയമനങ്ങൾ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. കേരളത്തിന് അർഹമായ കേന്ദ്ര വിഹിതം വാങ്ങിയെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിമൂലം സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണംപോലും തടസ്സപ്പെട്ടിരിക്കുകയുമാണ്. നവകേരള സദസ്സിൽ ലഭിച്ച പരാതികൾ പോലും യഥാസമയം പരിഹരിക്കുന്നതിന് സാധിക്കുന്നില്ല. ഇത്രയും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറാൻ ചെലവുചുരുക്കൽ ഉൾപ്പെടെയുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. പ്രധാനമന്ത്രിതന്നെ സംസ്ഥാനങ്ങൾക്കുള്ള വിഹിതം വെട്ടികുറയ്ക്കാനുള്ള ഇടപെടൽ നടത്തുകയാണ്. അർഹമായ വിഹിതം നൽകണമെന്നാവശ്യപ്പെട്ട്

പാർലമെന്റിൽ പ്രമേയം കൊണ്ടുവരാൻ കേരളത്തിൽ നിന്നുള്ള എം.പി.മാർ തയ്യാറാകണം.

ശ്രീമതി കെ. കെ. രമ: സാമ്പത്തിക കെടുകാര്യസ്ഥതയും ധൂർത്തുമാണ് കേരളം ഇന്ന് നേരിടുന്ന ധനപ്രതിസന്ധിക്ക് കാരണം. ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ, കാൻസർ രോഗികൾക്കുള്ള ധനസഹായം എന്നിവ നൽകുന്നില്ലെന്ന് മാത്രമല്ല സപ്ലൈകോ വഴിയുള്ള പൊതുവിതരണവും സ്തംഭിച്ചിരിക്കുകയുമാണ്. വിവിധ തൊഴിലാളി ക്ഷേമനിധികളിൽനിന്നുള്ള പെൻഷൻപോലും മുടങ്ങിയിരിക്കുന്നു. ക്ലിഫ് ഹൗസിന്റെ നവീകരണമുൾപ്പെടെയുള്ള സാമ്പത്തിക ധൂർത്തുകൾ അവസാനിപ്പിക്കണം. നികുതി പതിന്മടങ്ങ് വർദ്ധിപ്പിച്ചുകൊണ്ട് സാധാരണക്കാരുടെ ജീവിതം ദുരിതത്തിലാക്കുകയാണ് സർക്കാർ ചെയ്യുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സംസ്ഥാനങ്ങൾക്ക് അർഹമായ വിഹിതം നിഷേധിക്കുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റുൾപ്പെടെ വെട്ടിക്കുറക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാർ നയങ്ങൾമൂലമുള്ള ധനപ്രതിസന്ധിയാണ് കേരളം നേരിടുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം എന്നിവ നൽകാതെയും വായ്പാ പരിധി

വെട്ടിക്കുറച്ചതിലൂടെയും 57400 കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തിനുണ്ടായിട്ടുള്ളത്. സാമ്പത്തിക ഉപരോധം ഏർപ്പെടുത്തികൊണ്ട് ജനക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താൻ കേന്ദ്ര സർക്കാർ ശ്രമിക്കുമ്പോൾ കേരളം അതൊക്കെ അതിജീവിച്ച് മുന്നോട്ടുപോകുമെന്നതിൽ സംശയമില്ല. യു.ജി.സി. ഗ്രാന്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ, നെല്ല് സംഭരണം തുടങ്ങിയവയുള്ള കേന്ദ്ര വിഹിതം നിഷേധിച്ചിരിക്കുകയാണ്. ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ പൊതുകടം വളരെ കുറവാണെന്ന് കാണാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റിന് ബഡ്ജറ്റിന്റെ 40 ശതമാനംവരെ വായ്പയെടുക്കാൻ അനുമതിയുള്ളപ്പോൾ കേരളത്തിന്റെ അനുവദനീയമായ വായ്പാ പരിധി മൂന്ന് ശതമാനം മാത്രമാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ, കാർഷിക വിളകൾക്ക് സബ്സിഡി, റബ്ബർ വിലസ്ഥിരതാ ഫണ്ട്, വിദ്യാഭ്യാസ മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ തുടങ്ങി ജനോപകാരപ്രദമായ പദ്ധതികളുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

ശ്രീ. മോൻസ് ജോസഫ്: കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക അവഗണനയ്ക്കെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക സ്ഥിതിവിശേഷം പരിഹരിക്കാൻ കാര്യക്ഷമമായ ഇടപെടൽ അത്യാവശ്യമാണ്. സംസ്ഥാന ഗവൺമെന്റിന്റെ വീഴ്ചമൂലമാണ് കേന്ദ്ര ഗവൺമെന്റിനെതിരെയുള്ള യോജിച്ച പോരാട്ടത്തിൽ പ്രതിപക്ഷം പങ്കുചേരാത്തത്. ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും ധനകാര്യ മാനേജ്മെന്റിലെ വീഴ്ചയും നിമിത്തം സംസ്ഥാനം ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് വിവിധ ക്ഷേമ പദ്ധതികൾ നിശ്ചലാവസ്ഥയിലായിട്ടുള്ളത്.

<u>ശ്രീ. ഡി. കെ. മുരളി</u>: ധനപ്രതിസന്ധിയുടെ പേരിൽ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്ക് യാതൊരു മുടക്കവും വരുത്തിയിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 34 ലക്ഷം കുടുംബങ്ങൾക്ക് നൽകിവന്നിരുന്ന ക്ഷേമപെൻഷൻ നിലവിൽ 64 ലക്ഷം കുടുംബങ്ങൾക്ക് നൽകിവരുന്നുണ്ട്. വിവിധ ക്ഷേമപദ്ധതികൾക്കുള്ള വിഹിതം വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റ് നടപടിയെ വിമർശിക്കാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്. അനിവാര്യമായ ഭരണനിർവ്വഹണ ചെലവുകളെ ധൂർത്തെന്ന് പറഞ്ഞ് ആക്ഷേപിക്കുന്ന പ്രതിപക്ഷ നിലപാട് ഒഴിവാക്കപ്പെടണം. സംസ്ഥാന താല്പര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്

നടത്തുന്ന ചെറുത്തുനില്പുകളോട് അനുകൂല സമീപനം സ്വീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. അഹമ്മദ് ദേവർകോവിൽ: അപ്രഖ്യാപിത സാമ്പത്തിക ഉപരോധം തീർത്തും വികസനക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിക്കാതെയും കേന്ദ്ര സർക്കാർ പ്രതിലോമ നടപടികൾ സ്വീകരിക്കുമ്പോൾ മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ച് മുന്നോട്ടുപോകാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. നവകേരള സദസ്സിലൂടെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയിലും സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം 12.1 ശതമാനമായി വർദ്ധിപ്പിക്കാൻ സാധിച്ചു. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ സ്കൂളുകളിൽ മികച്ച പശ്ചാത്തല സൗകര്യമൊരുക്കിയതും ഉന്നതവിദ്യാഭ്യാസ രംഗത്ത് കാലികമായ മാറ്റങ്ങൾ കൊണ്ടുവന്നതും ശ്രദ്ധേയമാണ്. അദ്ധ്യയന വർഷാരംഭത്തിൽതന്നെ പാഠപുസ്തകവും യൂണിഫോമും സൗജന്യമായി നൽകാൻ സാധിച്ചു. സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ കേരളം ഇന്ത്യക്ക് മാതൃകയാണ്. കിഫ്ബിയിലൂടെ സംസ്ഥാനത്തെ റോഡുകളും പാലങ്ങളും മികച്ചതും ആകർഷകവുമായ

രീതിയിൽ നിർമ്മിക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. ലൈഫ് ഭവന പദ്ധതിയിലൂടെ മൂന്നര ലക്ഷം പേർക്ക് വീട് വയ്ക്കുന്നതിനുള്ള തുക അനുവദിച്ചതും പി.എസ്.സി മുഖേന കൂടുതൽ നിയമനങ്ങൾ നടത്തിയതും സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. എം. രാജഗോപാലൻ: നികുതി വിഹിതത്തിലും ധനകാര്യ കമ്മീഷൻ വിഹിതത്തിലും ഗ്രാൻഡ് ഇൻ എയ്ഡിലും കുറവ് വരുത്തുകയും നികുതി ചുമത്താനുള്ള സംസ്ഥാനങ്ങളുടെ അധികാരം കേന്ദ്രം കവർന്നെടുക്കുകയും ചെയ്തത് അപലപനീയമാണ്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തിയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്തും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. നവകേരള സദസ്സിലൂടെ ജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള ശക്തമായ ഇടപെടൽ നടത്താൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. എയിംസ് അനുവദിക്കുന്നതിലും ദേശീയപാത/റെയിൽവേ വികസനത്തിലും സംസ്ഥാനത്തെ കേന്ദ്രം അവഗണിക്കുകയാണ് ചെയ്യുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനം ചരിത്രത്തിലെ വലിയ ധനപ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട രണ്ടാം ഗഡു സമയബന്ധിതമായി നൽകാനോ ട്രഷറിയിൽനിന്നും യഥാസമയം ബില്ലുകൾ മാറാനോ സാധിക്കുന്നില്ല. വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക നൽകാൻ സപ്ലൈകോയ്ക്ക് സാധിക്കുന്നില്ലെന്ന് മാത്രമല്ല മാവേലി സ്റ്റോറുകളിൽ അത്യാവശ്യ സാധനങ്ങൾ ഒന്നുംതന്നെ ലഭ്യവുമല്ല. ലൈഫ് മിഷൻ പദ്ധതിക്ക് 717 കോടി രൂപ വകയിരുത്തിയെങ്കിലും 18 കോടി രൂപ മാത്രമാണ് അനുവദിക്കാൻ കഴിഞ്ഞത്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആനുകൂല്യങ്ങൾ കൃത്യമായി നൽകാൻ സാധിക്കുന്നില്ല. കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി.എൽ എന്നീ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുകയാണ്. ക്ഷേമനിധി ബോർഡുകൾ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. പരിതാപകരമായ ധനപ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. ജനസംഖ്യാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ഡെവലൂഷൻ ഓഫ് ടാക്സ് കുറയ്ക്കാൻ പാടില്ലെന്ന സമീപനമാണ് പ്രതിപക്ഷത്തിനുള്ളത്. സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിക്ക് മുഴുവൻ കാരണവും കേന്ദ്ര

ഗവൺമെന്റിന്റെ അവഗണനയാണെന്ന വാദം അംഗീകരിക്കാൻ കഴിയില്ല. സംസ്ഥാന ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും മിസ്മാനേജ്മെന്റുംമൂലമാണ് ധനപ്രതിസന്ധി ഗുരുതരമായത്. സംസ്ഥാനത്തെ ജി.എസ്.ടി. ടാക്സ് അഡ്മിനിസ്ട്രേഷൻ സ്ട്രക്ചറിൽ മാറ്റംവരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നികുതിവെട്ടിപ്പുകാരുടെ പറുദീസയായി സംസ്ഥാനം മാറിയെന്നുമാത്രമല്ല, കേരളത്തിന്റെ ചരിത്രത്തിൽ ഇത്രമാത്രം ടാക്സ് വെട്ടിപ്പ് ഒരുകാലത്തുമുണ്ടായിട്ടില്ല. സ്വർണ്ണവ്യാപാരികളിൽനിന്നും നികുതി കൃത്യമായി പിരിക്കാനുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഐ.ജി.എസ്.ടി. വഴി ലഭിക്കാനുള്ള വിഹിതം നഷ്ടപ്പെടുത്തി. ബാറുകളുടെ എണ്ണം വർദ്ധിപ്പിച്ചെങ്കിലും അതിൽനിന്നുള്ള വരുമാനം കുറയുന്നത് പരിശോധിക്കാനുള്ള ഒരു സംവിധാനമില്ലെന്നുള്ളത് ഖേദകരമാണ്. ഈ സർക്കാർ സംസ്ഥാനത്തെ ഗുരുതരമായ ധനപ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്തെപ്പറ്റി നടക്കുന്ന ചർച്ചയിൽ കേരളത്തെ കുറ്റപ്പെടുത്തി സംസാരിക്കുകയെന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുകണ്ടത്. സംസ്ഥാന ഗവൺമെന്റുകളോടും ജനങ്ങളോടും

കേന്ദ്രഗവൺമെന്റ് കാണിക്കുന്ന നിഷേധാത്മക നിലപാടുകൾ വിശകലനം ചെയ്യാനാണ് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുത്തത്. വിവിധ പദ്ധതികളുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം ട്രഷറി മുഖാന്തരം വിതരണം ചെയ്ത തുകയിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം വെട്ടിക്കുറച്ചിട്ടും പദ്ധതി ചെലവുകൾക്ക് തുക അനുവദിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്തൊന്നും ട്രഷറിയിൽ നിന്നും കടമെടുക്കുന്ന തുക സംസ്ഥാന കടമായി കണക്കാക്കുമായിരുന്നില്ല. എന്നാൽ കേന്ദ്ര സർക്കാർ 2017 മുതൽ ടി തുക കടമായി കണക്കാക്കിവരുന്നതുമൂലം 1,07,000 കോടി രൂപയാണ് സംസ്ഥാനത്തിന് നഷ്ടമായത്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നീതി ആയോഗ് പ്രസിദ്ധീകരിച്ച ദാരിദ്ര്യ സൂചികയിൽ അതിദരിദ്രരുടെ കണക്ക് 0.55 ശതമാനത്തിൽ നിന്നും 0.48 ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ സമാനതകളില്ലാത്ത മാറ്റങ്ങളാണ് കൈവരിക്കാൻ സാധിച്ചത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്യാപിറ്റൽ എക്സ്പെൻഡിച്ചറുള്ള സംസ്ഥാനമാണ് കേരളം. റവന്യൂ

റെസീപ്റ്റ്സിന്റെ 29 ശതമാനം മാത്രം അനുവദിച്ചുകൊണ്ട് സംസ്ഥാനത്തോട് ചിറ്റമ്മനയം സ്വീകരിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. ഈ വർഷം കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിൽ നിന്നും 21000 കോടി രൂപയുടെയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതിലൂടെ 12000 കോടി രൂപയുടെയും റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 8400 കോടി രൂപയുടെയും പല തരത്തിലുള്ള വായ്പാനുമതി നിഷേധിച്ചതിലൂടെ 19600 കോടി രൂപയുടെയും കുറവാണ് സംസ്ഥാനത്തിനുണ്ടായിട്ടുള്ളത്. പി.എസ്.സി. മുഖാന്തരം ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നൽകാനും അങ്കണവാടി ജീവനക്കാരുടെ ശമ്പള വർദ്ധനവ് നടപ്പിലാക്കാനും കെ.എസ്.ആർ.ടി.സി.-ക്ക് നൽകിവന്നിരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മാസം ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിക്കാനുണ്ടായിരുന്ന തുകയിൽനിന്നും 320 കോടിയോളം രൂപ വെട്ടിക്കുറച്ചതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ഐ.ജി.എസ്.ടി. സിസ്റ്റമാറ്റിക് ആകുന്നതുവരെ കോമ്പൻസേഷൻ നീട്ടണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും അർഹമായ വിഹിതം

തരാൻ കേന്ദ്രം തയ്യാറാകുന്നില്ല. ജനങ്ങളുമായി സംവദിക്കുന്നതിനും അവരുടെ പരാതികൾ കേൾക്കുന്നതിനുംവേണ്ടി ലോകത്ത് ആദ്യമായി നടപ്പിലാക്കിയ പരിപാടിയാണ് നവകേരള സദസ്സ്. കേരളത്തെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള വേദിയായിട്ടാണ് കേരളീയം പരിപാടി നടത്തിയത്. കേന്ദ്രം സംസ്ഥാനത്തോട് പുലർത്തുന്ന അവഗണനയ്ക്കെതിരെ ഡൽഹിയിൽ നടത്തുന്ന സമരത്തിൽ പ്രതിപക്ഷവും പങ്കെടുക്കണം. ജി.എസ്.ടി. വകുപ്പിനെ പുന:സംഘടിപ്പിച്ചതിന്റെ ഭാഗമായി റിവേഴ്സൽ ഇനത്തിൽ കഴിഞ്ഞ വർഷം 1500 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞു. രാജ്യത്താകമാനമുള്ള സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി കേരളത്തിലും മരവിപ്പുണ്ടെന്നുള്ള യാഥാർത്ഥ്യം അംഗീകരിക്കുകയാണ്. നിർമ്മാണ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്രത്തിൽനിന്നും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് ഭരണ-പ്രതിപക്ഷ ഐക്യം അനിവാര്യമാണ്.

പ്രമേയം സഭ നിരാകരിച്ചു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): കേരളത്തിലെ ഗൗരവതരമായ ധനപ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് അടിയന്തരപ്രമേയത്തിലൂടെ പ്രതിപക്ഷം ആവശ്യപ്പെട്ടത് ഇതുസംബന്ധിച്ച

സർക്കാരിന്റെ മറുപടിയിൽ പ്രതിസന്ധി മറികടക്കാൻ ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്താൻ വേണ്ടിയാണ്. എന്നാൽ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചപ്പോൾ ലഭിച്ച അതേ മറുപടിയാണ് ധനകാര്യ വകുപ്പുമന്ത്രി ഇപ്പോഴും പറഞ്ഞത്. നികുതിപരിവ് കാര്യക്ഷമമാക്കാനോ ധൂർത്ത് നിയന്ത്രിക്കാനോ ഒരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. സംസ്ഥാനം പരിതാപകരമായ അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. ഗുരുതരമായ ഈ വിഷയത്തെ ലാഘവത്തോടുകൂടി കാണുന്ന സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം വാക്ക് ഔട്ട് നടത്തുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച - തുടർച്ച

ശ്രീ. കെ. കെ. രാമചന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസന കുതിപ്പിൽ നിർണ്ണായകമായ ഇടപെടൽ നടത്തി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പുതിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളും പദ്ധതികളുമാണ് ഈ

നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നത് ആശാവഹമാണ്. എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനുപകരം ഒരു പ്രത്യേക വിഭാഗത്തിന്റെ ക്ഷേമത്തിന് മാത്രമായി പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ നടപടി അപലപനീയമാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി മന്ത്രിമാരുടെയും വകുപ്പുദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ നടത്തിയ നവകേരള സദസ്സ് ലോകശ്രദ്ധ പിടിച്ചുപറ്റിയിരിക്കുകയാണ്. കേരള വികസനത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കാനാവശ്യമായ ഫണ്ട് സ്വരൂപിക്കാനുള്ള സർക്കാരിന്റെ പരിശ്രമം അഭിനന്ദനാർഹമാണ്. വർഗ്ഗീയ, വിഘടനവാദ, ശിഥിലീകരണ പ്രവണതകൾക്കൊന്നും സ്ഥാനം നൽകാതെ മതനിരപേക്ഷത ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകാൻ ആത്മാർത്ഥമായി ഇടപെടുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ എല്ലാ വിഭാഗം ജനങ്ങളും പിന്തുണയ്ക്കണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. സാമ്പത്തിക പ്രതിസന്ധി നിലനിൽക്കെ വൻതുക ധൂർത്തടിച്ച് കേരളീയവും നവകേരള സദസ്സും സംഘടിപ്പിച്ച നടപടി അപലപനീയമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൂടിയാലോചിച്ച് വന്യമൃഗ

ആക്രമണത്തിനിരയായവരുടെ കുടുംബാംഗങ്ങൾക്ക് 50 ലക്ഷം രൂപയെങ്കിലും ധനസഹായം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. പ്രേംകുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷിതത്വം എന്നീ മേഖലകളിൽ ഏറ്റവും പിറകിലായിരുന്ന കേരളം ഇന്ന് ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി മാറിയെന്നത് സർക്കാരിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളിലൊന്നാണ്. അതിദരിദ്രരുടെ എണ്ണം ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളമെങ്കിലും ആ പട്ടികയിൽനിന്നും അവരെ പൂർണ്ണമായി മോചിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാരിന്റെ നടപടി പ്രശംസനീയമാണ്. സർക്കാരിന്റെ വികസന നേട്ടങ്ങളെ വക്രീകരിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഭരണഘടനാമൂല്യങ്ങൾ, മതനിരപേക്ഷത, ജനാധിപത്യം, ഫെഡറലിസം എന്നിവ തകർക്കപ്പെടുകയും ധനപരമായി ഞെരുക്കുകയും ചെയ്യുന്ന കേന്ദ്ര നയത്തിനെതിരായി ഒറ്റക്കെട്ടായി നിൽക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്.

ശ്രീ. തോമസ് കെ. തോമസ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും സമാനതകളില്ലാത്ത വികസനവും ക്ഷേമപ്രവർത്തനങ്ങളും നടത്തി മുന്നേറുന്ന സർക്കാരാണിത്. കുട്ടനാടിന്റെ

വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചതും ചങ്ങനാശ്ശേരിയെയും കുട്ടനാടിനെയും ബന്ധിപ്പിക്കുന്ന കെ.സി. പാലത്തിന്റെ പുനർനിർമ്മാണത്തിന് 46 കോടി രൂപ അനുവദിച്ചതും ശ്രദ്ധേയമാണ്. കേരളത്തോടുള്ള കേന്ദ്രത്തിന്റെ അവഗണനയിൽ പ്രതിഷേധിച്ച് ഡൽഹിയിൽ നടത്തുന്ന സമരത്തിൽ അണിചേരാൻ പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രസർക്കാർ നയത്തിനെതിരെ പ്രതിപക്ഷം പ്രതികരിക്കാത്തത് ഖേദകരമാണ്. ട്രഷറി പൂട്ടാതെയും വികസനം മുടക്കാതെയും പരമാവധി ജനങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെയും, ധനകാര്യ വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുന്നു. ഈ നാടിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി നാമെല്ലാം ഒന്നിച്ച് നീങ്ങണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം മുഴുവൻ വായിക്കാതിരുന്നത് സർക്കാരിന്റെ നയസമീപനങ്ങളോടുള്ള വിയോജിപ്പുകൊണ്ടാണെന്ന കാര്യത്തിൽ തർക്കമില്ല. നവകേരള സദസ്സ് മുഖേന തിരൂർ മണ്ഡലത്തിൽ സ്റ്റേഡിയം

നിർമ്മിക്കാനെടുത്ത തീരുമാനം നടപ്പാക്കണം. നവകേരള സദസ്സുകൊണ്ട് ജനങ്ങൾക്ക് യാതൊരുവിധ പ്രയോജനവും ഉണ്ടായിട്ടില്ല.

<u>ശ്രീമതി സി. കെ. ആശ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനോട് നിഷേധാത്മകമായ സമീപനമാണ് ഗവർണ്ണർ സ്വീകരിക്കുന്നത്. മാനവവിഭവ സൂചികയിൽ സംസ്ഥാനം രാജ്യത്ത് ഒന്നാമതാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കേരളം വികസിത രാജ്യങ്ങൾക്കൊപ്പമാണ് നിൽക്കുന്നത്. സാക്ഷരത, ജനകീയാസൂത്രണം, അധികാരവികേന്ദ്രീകരണം, സ്ത്രീശാക്തീകരണം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയിലെല്ലാം കേരളം രാജ്യത്തിന് മാതൃകയാണ്. ജനാധിപത്യവും മതനിരപേക്ഷതയും ഭരണഘടനാ മൂല്യങ്ങളും ഉയർത്തിപ്പിടിച്ച് വർദ്ധിച്ച ജനപിന്തുണയോടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചോ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചോ നയസമീപനങ്ങളെക്കുറിച്ചോ നയപ്രഖ്യാപന

പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടില്ലെന്ന് മാത്രമല്ല കേന്ദ്ര അവഗണന സംബന്ധിച്ചുപോലും പരാമർശിക്കാതിരുന്നത് ഖേദകരമാണ്.

<u>ശ്രീ. എം. എം. മണി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇതരസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം വൻവികസന മുന്നേറ്റമാണ് കൈവരിച്ചിട്ടുള്ളത്. കേരള ഭൂപരിഷ്കരണ നിയമം, കേരള കർഷക തൊഴിലാളി നിയമം തുടങ്ങിയവ നടപ്പാക്കാൻ കഴിഞ്ഞത് ഇടതുപക്ഷ സർക്കാരുകളുടെ ഇച്ഛാശക്തിമൂലമാണ്. നവകേരള സദസ്സിലൂടെ മന്ത്രിസഭയ്ക്ക് ജനങ്ങളിലേയ്ക്കെത്താൻ കഴിഞ്ഞത് അഭിമാനകരമാണ്.

(സഭ വൈകുന്നേരം 5.10-ന് പിരിഞ്ഞു.)

******